## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 266 | 28.06.2016 ൽ മറുപടിയ്ക്ക്

### നെടുമങ്ങാട്ട് സൂപ്പർ മാർക്കറ്റും മാവേലി സ്റ്റോറുകളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | നെടുമങ്ങാട് മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റും മാവേലി സ്റ്റോറുകളും ആരംഭിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ? | (എ) | നെടുമങ്ങാട് മണ്ഡലത്തിലെ മാണിക്കൽ ഗ്രാമ പഞ്ചായത്തിലെ തലേക്കുന്നിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ (വാടക രഹിത കെട്ടിടവും, ഒരു ലക്ഷം രൂപയും) ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെയായും മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക്, സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ